**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 133** **09-12-2022 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമൂല നവീകരണവും ഏകീകരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ എം എസ് അരുൺ കുമാർ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഒരു ജ്ഞാന സമൂഹമായി പരിവർത്തനപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമൂല നവീകരണത്തിനും ഏകീകരണത്തിനുമായി സർക്കാർ നടത്തുന്ന പ്രവർത്തനം വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് ഡോ. ശ്യാം ബി. മേനോൻ അദ്ധ്യക്ഷനായ ഉന്നത വിദ്യാഭ്യാസപരിഷ്കരണ കമ്മീഷൻ, ഡോ. എൻ. കെ. ജയകുമാർ അദ്ധ്യക്ഷനായ നിയമപരിഷ്കരണ കമ്മീഷൻ, ഡോ. സി.റ്റി. അരവിന്ദകുമാർ അദ്ധ്യക്ഷനായ പരീക്ഷാ പരിഷ്കരണ കമ്മീഷൻ എന്നിങ്ങനെ 3 കമ്മീഷനുകളെ സർക്കാർ നിയമിച്ചിരുന്നു. ടി കമ്മീഷനുകൾ സർക്കാരിന് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ ഒരു ജ്ഞാനസമൂഹമായി പരിവർത്തനപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ ചുവടെ കൊടുക്കുന്നു .<br><br>1. കരിക്കുലം പരിഷ്കാരം:- 4 വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് ആവശ്യമായ കരിക്കുലം ചട്ടക്കൂട് രൂപീകരിക്കാൻ നടപടികൾ ആരംഭിച്ചു. (കേരള ഹയർ എഡ്യുക്കേഷൻ കരിക്കുലം ഫ്രെയിം വർക്ക്)<br><br>2. പുതുതലമുറ കോഴ്സുകൾ:- സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും ബിരുദ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് ഇരുപതിനായിരത്തോളം സീറ്റുകൾ വർദ്ധിപ്പിക്കുകയുണ്ടായി. കൂടാതെ സർവ്വകലാശാലയിലും കോളേജുകളിലും പുത്തൻ തലമുറ കോഴ്സുകൾ GO (Ms) No. 389/2020/H.Edn. Dtd. 5/11/2020 പ്രകാരം ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. |

| | | | |
|---|---|---|---|
| | | | 3. സർവ്വകലാശാലകളിൽ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ,ട്രാൻസ് ലേഷണൽ റിസേർച്ച് സെന്ററുകൾ ,ഇന്റർനാഷണൽ / ഡൊമസ്റ്റിക് ഹോസ്റ്റലുകൾ എന്നിവ ആരംഭിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>4. മറ്റ് പ്രധാന പദ്ധതികൾ:<br><br>കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്കിന്റെ വികസനം (കാൽനെറ്റ്),<br><br>ഇ-ജേർണൽ കൺസോർഷ്യം.,<br><br>ഡിജികോൾ,<br><br>ഓൺലൈൻ ഡിജിറ്റൽ ശേഖരം,<br><br>കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (KIRF),<br><br>അദ്ധ്യാപക പരിശീലന പദ്ധതി,<br><br>സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (SAAC),<br><br>ബ്രെയിൻ ഗെയിൻ -(ലോകമെമ്പാടുമുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെ കുറിച്ചുള്ള ഡേറ്റാബേസ്),<br><br>എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം,<br><br>ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്. |
| (ബി) | സർവകലാശാലകൾക്ക് സ്വയംഭരണാനുവാദം നൽകിയിക്കുന്നത് ഏതെങ്കിലും രീതിയിൽ തെറ്റായി വ്യാഖ്യാനിക്കുന്ന സ്ഥിതി ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | വൈസ് ചാൻസലർമാരെ ചാൻസലർ ഏകപക്ഷീയമായി നിയമിക്കുന്നത് ജനാധിപത്യവും ശാസ്ത്രീയ ചിന്തയും യുക്തിചിന്തയും പ്രോത്സാഹിപ്പിച്ച് ഉന്നത വിദ്യാഭ്യാസ മേഖലയെ ലോകോത്തരമാക്കുകയെന്ന ലക്ഷ്യത്തിന് അനുഗുണമാകാനിടയില്ലെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | യു.ജി.സി. റെഗുലേഷൻസ് നിഷ്കർഷിക്കുന്ന പ്രകാരമാണ് സർവകലാശാലകളിൽ വൈസ് ചാൻസലർമാരെ നിയമിക്കുന്നത് . |

സെക്ഷൻ ഓഫീസർ